

WEDNESDAY 15-02-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/02/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വൈഗ അന്താരാഷ്ട്ര ശില്പശാല ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിക്കുന്നു. കാർഷിക സംരംഭകർക്ക് വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന ഡിപിആർ ക്ലിനിക്ക്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് നവീനവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള അഗ്രി ഹാക്കത്തോൺ, ഉത്പാദകരെയും സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബി ടു ബി മീറ്റ്, എക്സിബിഷനുകൾ, കാർഷിക സെമിനാറുകൾ തുടങ്ങിയവ വൈഗയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടി www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447212913, 9383470150** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. നാളികേര വികസന ബോർഡും കാർഷിക സർവ്വകലാശാലയും സംയുക്തമായി ഫെബ്രുവരി 17 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ **കേരകർഷകസംഗമവും കാർഷിക സെമിനാറും** വെള്ളാനിക്കര തോട്ടപ്പടിക്കടുത്തുള്ള സെൻട്രൽ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ രാവിലെ 10 മണിക്കും വൈകീട്ട് 5 മണിക്കുമിടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) വഴി നടത്തിവരുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് എന്ന ഒരു വർഷത്തെ കോഴ്സിന്റെ 2022 -23 വർഷത്തേക്കുള്ള നടത്തിപ്പിനായി ഫെസിലിറ്റേറ്ററുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. ബി. എസ്.സി/എം.എസ്. സി അഗ്രിക്കൾച്ചർ/ഹോർട്ടികൾച്ചറിൽ 5 വർഷത്തെ പ്രവർത്തി പരിചയം ആണ് യോഗ്യത. കൃഷി വകുപ്പിലോ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലോ, കൃഷി വിജ്ഞാൻ കേന്ദ്രത്തിലോ 20 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന. പ്രതിമാസം 17,000 രൂപയായിരിക്കും വേതനം.

താത്പര്യമുള്ള അപേക്ഷകർ 2023 ഫെബ്രുവരി 18-നകം തിരുവനന്തപുരം സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകേണ്ടതാണ്.

4. കാർഷിക അനുബന്ധ മേഖലകളിലെ നൂതന ആശയങ്ങൾ, മികച്ച കാർഷിക രീതികൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന മികച്ച കാർഷിക സിനിമകൾ, ഡോക്യുമെന്ററികൾ, ആനിമേറ്റഡ് വീഡിയോകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ്) കാർഷിക ഫിലിം ഫെസ്റ്റിവൽ മത്സരം 2023 മാർച്ച് 10 ന് സംഘടിപ്പിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ക്യാഷ് അവാർഡുകളും പങ്കാളിത്ത സർട്ടിഫിക്കറ്റുകളും നൽകും. ദേശീയതല അവാർഡുകൾക്ക് 1, 2, 3 സ്ഥാനങ്ങൾക്ക് യഥാക്രമം ഒരു ലക്ഷം, 75000/-, 50,000/- രൂപ സമ്മാനമായി നൽകും. ഓരോ സംസ്ഥാന ക്യാഷ് പ്രൈസിനും അവാർഡിന് അർഹമായ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും 10,000/- രൂപയും നൽകും. സർക്കാർ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എൻജിഒകൾ, മാധ്യമ സ്ഥാപനങ്ങൾ, അഗ്രി സ്റ്റാർട്ടപ്പുകൾ, അഗ്രി സംരംഭകർ, എഫ്.പി.ഒകൾ, സഹകരണ സ്ഥാപനങ്ങൾ, അഗ്രി ബിസിനസ് കമ്പനികൾ, അഗ്രി ജേർണലിസ്റ്റുകൾ, വ്യക്തിഗത പ്രൊഫഷണലുകൾ എന്നിവർക്ക് ഫെസ്റ്റിവലിൽ പങ്കെടുക്കാം. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്കും എൻട്രികൾ സമർപ്പിക്കുന്നതിനായും www.manage.gov.in/maff/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

5. മലമ്പുഴ സർക്കാർ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25ന് (25.02.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്

6. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റെർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശു പരിപാലനം എന്ന വിഷയത്തെ

ആസ്പദമാക്കി 20/02/2023 മുതൽ 25/02/2023 വരെ 6 ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ 04734299869, 9495390436, 9446453247 എന്നീ നമ്പറുകളിൽ വിളിച്ചോ വാട്ട്സ്അപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾക്ക് ടി.എ, ഡി.എ എന്നിവ നൽകുന്നതായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിൽ ഉള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി 'ഭക്ഷ്യ സംസ്കരണം' എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 നകം **9400483754** ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ പത്തുമണി മുതൽ നാലുമണിവരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ച പരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷം മെയ് മാസം മുതൽ തുടരുന്നതാണ്. തേനീച്ച വളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറ കളും പ്രായോഗിക പരിശീലനവും ഉൾപെടുന്നതാണ്. രണ്ടാഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധിക വരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗിക പരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 04812353127, 7306464582 എന്നീ ഫോൺ നമ്പരുകളിലോ, training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശം**

9. വെള്ളരി വർഗ വിളകളായ പാവൽ, പടവലം, വെള്ളരി, തണ്ണിമത്തൻ തുടങ്ങിയവ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ജനുവരി മുതൽ മാർച്ച് വരെ ഉള്ള മാസങ്ങൾ. ഇതിനായി കൃഷി സ്ഥലം

നന്നായി കിളച്ച് കുമ്മായം ചേർത്ത് നിലമൊരുക്കി 15 ദിവസത്തിനു ശേഷം അടിവളം നൽകുക. തൈകൾ നടുന്നതിനു മുൻപായി ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപൊടി മണ്ണിൽ ചേർത്ത് കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് നല്ലതാണ്. വെള്ളരി വർഗ്ഗ വിളകൾ പൂത്തു തുടങ്ങുന്നത് വരെ ആഴ്ചയിൽ രണ്ടു തവണ നന നൽകണം. പൂത്തു തുടങ്ങിയാൽ ഒന്നിടവിട്ട ദിവസങ്ങളിലും നനയ്ക്കാൻ ശ്രദ്ധിക്കണം. മണ്ണിൽ ഈർപ്പം നില നിർത്തുന്നതിനായി പുതയിടീൽ നടത്തുകയും തൈകളെ വെയിലിൽ നിന്നും സംരക്ഷിക്കുന്നതിനായി മറ നൽകുകയും ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം